milma


# കേരള കോ – ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

## സെൻട്രൽ പ്രോഡക്ട്സ് ഡയറി, പുന്നപ്ര, ആലപ്പുഴ

**Tel: 0477-2255900, 2255901,2255921, E-mail: cpd@milma.com**


CPD/Engg/531 /2021-22 · 30.06.2021

## ക്വട്ടേഷൻ നോട്ടീസ്

പുന്നപ്ര സെൻട്രൽ പ്രോഡക്ട്സ് ഡയറിയിലെ (മിൽമ) വാട്ടർ ടാങ്കുകൾ ക്ലീനിങ് ചെയ്യുന്നതിന് 01.08.2021 മുതൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ഏറ്റെടുക്കുവാൻ താത്പര്യമുള്ളവരിൽ നിന്നും താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

1. പുന്നപ്ര സെൻട്രൽ പ്രോഡക്ട്സ് ഡയറിയിലെ (മിൽമ) പ്ലാന്റിലേക്ക് ആവശ്യമായ ശുദ്ധ ജലം സംഭരിക്കുന്ന ടാങ്കുകൾ കൃത്യമായ ഇടവേളകളിൽ ക്ലീനിങ് ചെയ്യേണ്ടതാണ്.
2. ഡയറിയുടെ ദൈനംദിന പ്രവർത്തനത്തിനുശേഷമായിരിക്കും ക്ലീനിങ് ജോലികൾ ചെയ്യേണ്ടത്..
3. വാട്ടർ ടാങ്കുകൾ ക്ലീൻ ചെയ്യേണ്ടത് താഴെ പറയുന്ന പ്രകാരമായിരിക്കും.

| ക്രമ നമ്പർ | വാട്ടർ ടാങ്ക് വിവരങ്ങൾ | കാലാവധി |
|---|---|---|
| 1 | പ്ലാൻറ് ഓവർഹെഡ് വാട്ടർ ടാങ്ക് ( 3 സെക്ഷൻ ) | 2 ആഴ്ചയിലൊരിക്കൽ |
| 2 | ഫിൽട്രേഷൻ പ്ലാൻറ് വാട്ടർ ടാങ്ക് | ആഴ്ചയിലൊരിക്കൽ |
| 3 | ഓഫീസ് വാട്ടർ ടാങ്ക് | മാസത്തിലൊരിക്കൽ |

ഏതെങ്കിലും കാരണവശാൽ ടാങ്കുകൾ മുകളിൽ പറഞ്ഞതിൽ കൂടുതൽ / കുറവ് തവണയാണ് ക്ലീൻ ചെയ്യുന്നതെങ്കിൽ ആനുപാതികമായ തുകയായിരിക്കും നൽകുക.

4. വാട്ടർ ടാങ്ക് ക്ലീനിങ് ചെയ്തതിനു മുമ്പും ശേഷവും ഷിഫ്റ്റ് എൻജിനീയറെ അറിയിക്കേണ്ടതാണ്. ക്ലീനിങ് തൃപ്തികരമല്ലെങ്കിൽ ഷിഫ്റ്റ് എൻജിനീയറുടെ നിർദ്ദേശ പ്രകാരം വീണ്ടും ടാങ്കുകൾ ക്ലീൻ ചെയ്യേണ്ടതാണ്. ഇതിനുള്ള തുക വീണ്ടും അനുവദിക്കുന്നതല്ല.
5. ക്ലീനിങ്ങിനു ആവശ്യമായ സാധനങ്ങൾ കരാറുകാരൻ വാങ്ങിക്കേണ്ടതാണ്.
6. കരാറുകാരൻ കരാർജോലി താമസിപ്പിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നതു മൂലം എന്തെങ്കിലും നഷ്ടം ഡയറിക്ക് ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് മാനേജ്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

7. കരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളികളുമായി ഫാക്ടറി മാനേജ്മെന്റിന് യാതൊരു തൊഴിൽബന്ധങ്ങളും ഉണ്ടായിരിക്കുന്നതല്ല. കരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളിക ൾക്ക് നൽകേണ്ടതായ ESI, EPF തുടങ്ങിയ എല്ലാ നിയമപരമായ ആനുകൂല്യങ്ങളും/ കോമ്പൻസേഷനുകളും നൽകുന്നതിന് കരാറുകാരന്റെ ബാധ്യതയായിരിക്കും. അപ്രകാര മുള്ള നിയമപരമായ ബാദ്ധ്യതകൾനിറവേറ്റുനന്തിൽ കാരറുകാരന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായാൽ ആയത് നിറവേറ്റുന്നതിന് ആവശ്യമായ തുക കരാറുകാരന് നൽകുന്ന പ്രതിഫലത്തിൽ നിന്നും കിഴിവ് ചെയ്യുന്നതിനും ബാക്കിയുള്ള തുകയ്ക്കുള്ള ബില്ലുകൾ മാത്രം പാസ്സാക്കി നൽകുന്നതിനും മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

8. പാൻ സംബന്ധമായ രേഖകൾ സമർപ്പിച്ചാൽ മാത്രമേ ബിൽ തുക ലഭിക്കുകയുള്ളു.

9. ഈ കരാറിന്റെ കാലാവധി കരാർ നൽകുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്കായിരിക്കും.

10. എന്നാൽ കരാറുകാരൻ ചെയ്യുന്ന ജോലികളിൽ എന്തെങ്കിലും അതൃപ്തിയുള്ള പക്ഷം കരാർ റദ്ദു ചെയ്യുവാൻ ഫാക്ടറി മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. അതുപോലെ എന്തെങ്കിലും കാരണത്താൽ കരാർ തുടർന്നു കൊണ്ട് പോകുന്നതിന് കരാറുകാരന് താത്പര്യമില്ലാതെ വരുന്ന പക്ഷം രണ്ട് മാസത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്നതിന് കരാറുകാരനും അവകാശമുണ്ടായിരിക്കുന്നതാണ്.

11. കവറിലാക്കി സീൽ ചെയ്ത ക്വട്ടേഷൻ 12.07.2021 ന് ഉച്ചയ്ക്ക് 2.00 മണിക്ക് മുമ്പായി മാനേജർ, കെ.സി.എം.എം.എഫ്. ലിമിറ്റഡ്, സെൻട്രൽ പ്രോഡക്ട്സ് ഡയറി, പുന്നപ്ര ആലപ്പുഴ- 688004 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. അന്നുതന്നെ 3.00 മണിയ്ക്ക് ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും.

12. ഏത് ക്വട്ടേഷനും സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനും ആവശ്യമെങ്കിൽ റീ ടെൻഡർ ചെയ്യുന്നതിനുമുള്ള പൂർണ്ണ അധികാരം ഡയറി മാനേജരിൽ നിക്ഷിപ്തമായിരിക്കും.

13. ക്വട്ടേഷൻ സംബന്ധിച്ച് വല്ല തർക്കവുമുണ്ടായൽ ഡയറി മാനേജർ കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കും

മാനേജർ